പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1548 07/06/2018 ൽ മറുപടിക്ക്

## റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുനരാരംഭിച്ച റീസർവ്വേ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കാസറഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ ഉൾപ്പെടെ 19 വില്ലേജുകളുടെ റീസർവ്വെ വർക്കുകൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ നാളിതുവരെ 903 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ശേഷിക്കുന്ന വില്ലേജുകളുടെ റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ജനപങ്കാളിത്തം ഉറപ്പുവരുത്തി റീസർവ്വേ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) റീസർവ്വെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ടി പ്രവർത്തനങ്ങൾ തുടർന്ന് വരുന്നതുമാണ്. |
| (സി) റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ വിവരങ്ങൾ ഡിജിറ്റൈസേഷൻ നടത്തി ഇ-രേഖാ വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ; | (സി) റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ വിവരങ്ങൾ ഡിജിറ്റൈസേഷൻ നടത്തി ഇ-രേഖാ വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്തുവരുന്നു. നിലവിൽ 659 വില്ലേജുകളുടെ ഫീൽഡ് മെഷർമെന്റ് സ്കെച്ചുകൾ പ്രസ്തുത വെബ് പോർട്ടലിൽ നൽകിയിട്ടുണ്ട്. |
| (ഡി) റീസർവ്വെയുമായി ബന്ധപ്പെട്ട പരാതികളിൽ ദ്രുതഗതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ഉൾപ്പെടെ ഭൂപരിപാലനവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി എൽ.ആർ.എം അപേക്ഷകളിൽ വിവിധ ഘട്ടങ്ങളും |

വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ഏകീകരിച്ച് ഉത്തരവായത് പ്രകാരം ഭൂരേഖ പരിപാലനവും സംരക്ഷണവും തഹസീൽദാർ(ഭൂരേഖ) യുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചു വരുന്നു. ഇത് നടപ്പിലാക്കുന്നതിന് ജില്ലാ സർവ്വെ സൂപ്രണ്ടിനുണ്ടായിരുന്ന കർത്തവ്യങ്ങൾ ഹെഡ് സർവ്വെയർക്ക് നൽകി സർവ്വെ അതിടരടയാള നിയമം 1964 ലെ റൂൾ 24,36,61 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഇ) റീസർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു കീഴിലുള്ള അംഗീകൃത ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(ഇ) ഉണ്ട്. റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവ്വെ ടെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ